MONDAY 19/08/2024 തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Nizam S A    Editor : Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/08/2024

1. കൃഷിക്കൊപ്പം കളമശേരി പദ്ധതിയുടെ ഭാഗമായുള്ള കാർഷികോത്സവം സെപ്തംബർ ഏഴു മുതൽ 13 വരെ സംഘടിപ്പിക്കുമെന്ന് മന്ത്രി പി. രാജീവ്. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഈ വർഷം കലാ പരിപാടികളും ഘോഷയാത്രയും ഒഴിവാക്കിയാണ് കാർഷികോത്സവം സംഘടിപ്പിക്കുന്നത് .22 ന് നടക്കുന്ന സെമിനാറിൽ വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻ കുട്ടിയും 23 ന് നടക്കുന്ന ക്ഷീരകർഷക സംഗമത്തിൽ മന്ത്രി ജെ. ചിഞ്ചുറാണിയും പങ്കെടുക്കും. 23 ന് നടക്കുന്ന കുട്ടികർഷക സംഗമത്തിൽ മന്ത്രി അഡ്വ. വി. ശിവൻകുട്ടി പങ്കെടുക്കും. മത്സ്യകർഷക സംഗമത്തിൽ ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ പങ്കെടുക്കും. 26 ന് നടക്കുന്ന ത്രിതല പഞ്ചായത്ത് സംഗമത്തിൽ മന്ത്രി എം.ബി.രാജേഷ് പങ്കെടുക്കും. എഫ്എസിടിയുടെ സഹകരണത്തോടെ കർഷകർക്കായി കീടനാശിനി തളിക്കുന്നതിന് ഡ്രോൺ സംവിധാനവും ഒരുക്കിയിട്ടു്. ആലങ്ങാട് കൃഷിശ്രീക്ക് ആദ്യ ഡ്രോൺ നൽകി. മറ്റു പഞ്ചായത്തുകൾക്കും ഓരോ ഡ്രോൺ നൽകുന്ന പദ്ധതി നടപ്പാക്കും.

2. കേരള കാർഷിക സർവ്വകലാശാലയുടെ, മണ്ണുത്തിയിലെ കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ, അത്യൽപാദന ശേഷിയുള്ള തെങ്ങിൻ തൈകളായ കോമാടൻ 130 രൂപ നിരക്കിലും, WCT 120 രൂപ നിരക്കിലും (മൊത്തം 350 എണ്ണം) വില്പനയ്ക്ക് ലഭ്യമാണ്. ബുക്കിങ്ങ് ഉണ്ടായിരിക്കുന്നതല്ല.

3. നേര്യമംഗലത്ത് പ്രവർത്തിക്കുന്ന എറണാകുളം ജില്ലാ കൃഷിത്തോട്ടത്തിൽ നിന്നും ഗുണമേന്മയുള്ള തൈകൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ടെന്ന് ഫാം സൂപ്രണ്ട് അറിയിച്ചു. തെങ്ങ് (WCT), അടയ്ക്ക (രത്നനഗിരി), റംബൂട്ടാൻ, മാവ്, പ്ലാവ്, നാടൻ തൈകൾ,

നീലയമരി, ആടലോടകം, കരിനൊച്ചി, ഉമ്മം, ദന്തപ്പാല, കിരിയാത്ത്, ബ്രഹ്മി, പൂച്ചെടികൾ എന്നിവയാണ് വില്പനയ്ക്ക് തയ്യാറായിട്ടുള്ളത്. കൂടുതൽ വിവരങ്ങൾക്ക് 9383472014, 9383471196 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധിയുടെ ഭാഗമായി കേരള മൃഗസംരക്ഷണ വകുപ്പ് സംസ്ഥാന വ്യാപകമായി ഉരുക്കൾക്ക് 2024 ഓഗസ്റ്റ് 5 -ാം തീയതി മുതൽ ആരംഭിച്ച കുളമ്പുരോഗപ്രതിരോധം, ചർമമുഴരോഗപ്രതിരോധം എന്നീ കുത്തിവയ്പ്പുകൾക്കായി കണ്ണൂർ, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ്, കോട്ടയം ജില്ലകളിൽ അടിയന്തിരമായി താല്കാലികാടിസ്ഥാനത്തിൽ വാക്സിനേറ്റർമാരെ ആവശ്യമുണ്ട്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി : 2024 ആഗസ്റ്റ് 19-ാം തീയതി ഉച്ചയ്ക്ക് 12 മണി. അപേക്ഷകർ വെള്ളകടലാസ്സിൽ തയ്യാറാക്കിയ ബയോഡാറ്റ സഹിതം തങ്ങൾ താമസിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലുള്ള മൃഗാശുപത്രിയിൽ മാത്രം സ്ഥാപനമേധാവി (ചീഫ് വെറ്ററിനറി ഓഫീസർ/സീനിയർ വെറ്ററിനറി സർജൻ/ വെറ്ററിനറി സർജൻ) മുൻപാകെ ആശുപത്രി പ്രവർത്തന സമയത്ത് നേരിട്ട് തന്നെ സമർപ്പിക്കേ ണ്ടതാണ്. അപേക്ഷയിൽ മേൽവിലാസവും, മൊബൈൽ നമ്പരും വ്യക്തമായി രേഖപ്പെടുത്തേണ്ടതും ആധാർ കാർഡിൻ്റെ കോപ്പി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. അപേക്ഷ പരിഗണിക്കുന്നത് ഒഴിവുകളുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും.

## പരിശീലന പരിപാടി

5. ക്ഷീരവികസന വകുപ്പിൻ്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഓഗസ്റ്റ് മാസം 29, 30 തീയതികളിൽ 'ശുദ്ധമായ പാലുല്പാദനം ' എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉ്ായിരിക്കുന്നതാണ്.രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിനബത്തയും, ആകെ 100/- രൂപ

യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ പരിശീലനത്തിന് എത്തുമ്പോൾ ആധാർ കാർഡിൻ്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിൻ്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2024 ഓഗസ്റ്റ് 27-ാം തീയതി 5 മണിക്കു മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്.കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം. 0471-2440911

6. റബ്ബർബോർഡിന്റെ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ .ആർ.ടി.) 27, 28 തീയതിക ളിൽ നൂതന കൃഷിരീതികളിൽ പരിശീലനം നൽകും. കൂടുതൽ വിവരങ്ങൾക്ക് : 9495928077, 0481- 2351313 എന്നീ ഫോൺ നമ്പരിലോ, training@ rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലൊ ബന്ധപ്പെടുക.

7. മലപ്പുറം കൃഷി വിജ്ഞാന കേന്ദ്രത്തിൽ SCSP പദ്ധതിയുടെ ഭാഗമായി പട്ടിക ജാതി (SC) വിഭാഗത്തിൽ ഉള്ളവർക്കായി കൃഷി വിജ്ഞാന കേന്ദ്രം, തവന്നൂർ വച്ച് 'നെല്ല് കൃഷി, വിവിധ ജൈവ വളങ്ങളുടെ ഉത്പാദനം' എന്ന വിഷയത്തിൽ ഈ മാസം 21, 22 തീയതികളിൽ രാവിലെ 10 മുതൽ 2 മണി വരെ 2 ദിവസത്തെ സൗജന്യ പരിശീലന ക്ലാസ് സംഘടിപ്പിക്കുന്നു. ക്ലാസ്സിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഓഗസ്റ്റ് 16 നു മുൻപായി 8547193685 എന്ന നമ്പറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ് . ക്ലാസിനു വരുമ്പോൾ ആധാർ കാർഡ്, പട്ടിക ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം